## പതിമൂന്നാം കേരള നിയമസഭ
## നാലാമത് സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 317,
05-03-2012-ലെ മറുപടിയ്ക്ക്

### കാലഹരണപ്പെട്ട നിയമങ്ങൾ സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.എം.മാണി |
| (എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?<br><br>എങ്കിൽ ഏതെല്ലാം നിയമങ്ങളാണ് കാലഹരണപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഉണ്ട്, 2001-ൽ ബഹു. നിയമ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായിരുന്ന നിയമ പരിഷ്ക്കരണ കമ്മിറ്റിയും 2007-ൽ ജസ്റ്റിസ്. വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമ പരിഷ്ക്കരണ കമ്മീഷനും പഠനം നടത്തിയിട്ടുണ്ട്.<br><br>ബഹു: നിയമ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായിരുന്ന നിയമ പരിഷ്ക്കരണ കമ്മിറ്റി 697 നിയമങ്ങൾ കാലഹരണപ്പെട്ടതായി കണ്ടെത്തുകയും ആയത് 2005-ലെ 18-ാം നമ്പർ റിപ്പീലിംഗ് ആന്റ് സേവിംഗ്സ് ഓർഡിനൻസ് വഴി റിപ്പീൽ ചെയ്തിട്ടുള്ളതും ആകുന്നു. ജസ്റ്റിസ്. വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമ പരിഷ്ക്കരണ കമ്മീഷൻ 107 നിയമങ്ങൾ കാലഹരണപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു . |
| (ബി) കാലഹരണപ്പെട്ട നിയമങ്ങൾ സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | നിലവിൽകാലഹരണപ്പെട്ടതായി കമ്മീഷൻ ശുപാർശചെയ്ത 107 നിയമങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു റിപ്പീലിംഗ് ആന്റ് സേവിംഗ്സ് ബില്ല് തയ്യാറാക്കുന്നതിലേക്കായി അത്തരം നിയമങ്ങൾ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം
Rajesh
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്